

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH
Vol. 17 No.03 Newsletter March 2019



സ്ത്രീയേ, നിന്റെ വിശ്വാസം വലിയതു;
നിന്റെ ഇഷ്ടംപോലെ നിനക്കു ഭവിക്കട്ടെ എന്നു പറഞ്ഞു.
ആ നാഴിക മുതൽ അവളുടെ മകൾക്കു സൗഖ്യം വന്നു.
(മത്തായി. 15:28)

## Fourth Death Anniversary

3-3-2019



In Ever Loving Memory of

**Dr. David Joseph F.R.C.S. MCh. (Urology)**

(Founder Prof. & Head of the Dept. of Urology, Medical College, Trivandrum)

*Time changes nothing We still miss the sound of your voice*
*The wisdom of your advice The stores of your life and just being in your presence*
*We miss you very much*

By Sorrowing family

Wife Mrs. Mary Joseph, Children and Grand Children.

## 2nd Death Anniversary

*In Ever loving memory of*



**Mr. M. Vijayan**

Rtd. Internal Financial Adviser

ISRO, Bangalore

Family No. 633

**who was called to Eternal Glory on 7th March - 2017**

Inserted by wife

Children and Grand Children

# CHURCH VOICE

17th year of publication

**MARCH 2019**



**EDITORIAL BOARD**

**CHIEF EDITOR**

Rev. D. Jacob

**CONVENOR**
**Literary Board & Editor**

D. S. Valsa

Rev. Y. Vijayadas
Rev. Rohan P.
Rev. N.L. Praveen Raj
Manoj Kumar Ebenezer
(Sub Editor)
Dr. Thampi Samraj Y. C.
Stanley Wilson
Dr. Samson Nessiah
Dr. Sajitha Sanjeev



**ADDRESS**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month



Church Voice can be read online at our website
www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jobin B. David | | 8891412585 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



**നോമ്പ്**! ചിലതൊക്കെ അനുദിന ജീവിതത്തിൽ വർജ്ജിക്കണം; മുമ്പ് അനുഷ്ഠിച്ചിരുന്ന ചിലതൊക്കെ പുതിയ അർത്ഥതലത്തിൽ മനസ്സിലാക്കണം. അതിനുള്ള അവസരം വീണ്ടും ലഭിക്കുന്നു (മാർച്ച് 6 മുതൽ ഏപ്രിൽ 21 വരെ). ആചാരാനുഷ്ഠാനങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ടെങ്കിലും അവ ആവർത്തനം മാത്രമാകുന്നത് മതാത്മകജീവിതത്തിന്റെ ദുർവിധിയാണ്. ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് നാൾതോറും തന്റെ കുരിശ് എടുത്ത് എന്നെ അനുഗമിക്കട്ടെ. ആത്മനൊമ്പരങ്ങളുടെ കുരിശും എടുത്ത് യേശുവിനെ അനുഗമിക്കാനാണ് നിയോഗം. ക്രൂശിക്കപ്പെടാൻ അവനെ അനുഗമിക്കണം എന്നർത്ഥം. കുരിശനുഭവം ഇല്ലാത്ത ക്രിസ്തീയ ജീവിതം നിഷ്ഫലമാണ്.

പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പങ്കുവയ്ക്കലിന്റെയും നല്ല നാളുകൾ. ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിവ യെഹൂദന്റെ ആത്മീയതയുടെ അളവുകോലാണ്. യേശുവിന്റെ ഗിരിപ്രഭാഷണം ശ്രദ്ധേയമാണ് (മത്താ. 6:5 –18) ഉപവാസം കപടഭക്തിക്കാരെപ്പോലെ ആകരുത്. മുഖം വികൃതമാക്കാനല്ല; പിതാവിനോടുകൂടെ വസിക്കാനുള്ള അവസരമായി മാറണം. അതിഭാഷണത്തിനുള്ള അവസരമല്ല പ്രാർത്ഥന. ദാനധർമ്മം നടത്തുമ്പോഴും ജാഗ്രതവേണം. ദൈവത്തോടുള്ള ആഴമായ വിശ്വാസവും സ്നേഹവും പ്രാർത്ഥനയും സ്വായത്തമാക്കാനുള്ള അവസരമാണിത്.

യിസ്രായേൽ ജനത്തിന്റെ നോമ്പാചരണത്തെ യഹോവയായ ദൈവം പ്രവാചകനിലൂടെ ശക്തമായി വിമർശിക്കുന്നു (യെശ 58). നോമ്പിനോടൊപ്പം പാപവും പെരുകുന്നു. നീതിയും ന്യായവും പ്രവർത്തിക്കുന്നില്ല. നോമ്പു ദിവസത്തിൽ തന്നെ തങ്ങളുടെ കാര്യാദികൾ നോക്കുകയും വേലക്കാരെക്കൊണ്ട് അദ്ധ്വാനിപ്പിക്കുകയും വിവാദത്തിനും കലഹത്തിനും തയ്യാറാകുകയും ചെയ്യുന്നു. തല കുനിക്കുക, രട്ടും വെണ്ണീറും വിരിച്ചു കിടക്കുക മുതലായ ബാഹ്യ ആചാരങ്ങളിൽ അവർ തൃപ്തരായിരിക്കുന്നു. അതിനാൽ ശരിയായ നോമ്പ് എന്തെന്ന് ദൈവം പഠിപ്പിച്ചു: അന്യായ ബന്ധനങ്ങളെ അഴിക്കുക, പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക, വിശപ്പുള്ളവന് നിന്റെ അപ്പം നുറുക്കിക്കൊടുക്കുക, സാധുക്കളെ ചേർത്തുകൊള്ളുക, നഗ്നനെ ഉടുപ്പിക്കുക, മാംസരക്തങ്ങൾക്ക് നിന്നെത്തന്നേ മറെക്കാതിരിക്കുക. അതിനാൽ 'ഞങ്ങൾ നോമ്പു നോൽക്കുന്നതു നീ നോക്കാതെയിരിക്കുന്നതെന്ത്?' എന്ന് യിസ്രായേലിനെപ്പോലെ പരാതിപ്പെടാനല്ല ആന്തരികമായ വിശുദ്ധീകരണത്തിനും രൂപാന്തരത്തിനും നമ്മുടെ ഉപവാസവും പ്രാർത്ഥനയും സഹായമാകണം.

വിനയമുള്ളവരായി തീരാൻ, ആഴത്തിൽ ആത്മപരിശോധന നടത്താൻ, വർജ്ജനവും സമർപ്പണവുമുള്ളവരാകാൻ, കൂടുതൽ മനുഷ്യത്വമുള്ളവരാകാൻ ഈ നാളുകൾ നമ്മെ ക്ഷണിക്കുന്നു. കാണേണ്ടതു കാണാനും കേൾക്കേണ്ടതുമാത്രം കേൾക്കാനും സംസാരിക്കേണ്ടത് സംസാരിക്കാനും ചെയ്യേണ്ടത് ശരിയായി ചെയ്യാനും നോമ്പ് അനിവാര്യമാണ്.

ഞാൻ നിർബന്ധമായും ചെയ്യേണ്ട കാര്യങ്ങൾ എന്ത് എന്ന് ആദ്യം തീരുമാനിക്കുക. പ്രാർത്ഥനയ്ക്കും ധ്യാനത്തിനും കൂടുതൽ സമയം വേർതിരിക്കാൻ ആവുമോ? ആത്മീയ വളർച്ചയ്ക്ക് ഉതകുന്ന പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കാൻ കഴിയുമോ? വൃദ്ധരും ഏകാന്തരും രോഗികളുമായ ചില അയൽക്കാരെ സന്ദർശിക്കാൻ കഴിയുമോ? ആത്മീയ വളർച്ചയ്ക്ക് സഹായകമായ മറ്റ് കാര്യങ്ങൾ ഏവ? മത്സ്യ മാംസാദികൾ വർജ്ജിക്കുന്നതിൽ മാത്രമല്ല ക്രിസ്തുവിനോട് കൂടുതൽ അടുത്തുചെയ്യാൻ ഈ നല്ല നാളുകൾ സഹായകമാകട്ടെ.

സ്നേഹാശംസകളോടെ,
**ജേക്കബച്ചൻ**



## പ്രതിവാര ധ്യാനം

**മാർച്ച് 03 ഞായർ**
വിഷയം: **നോമ്പ് - വീണ്ടെടുപ്പിന്റെ കാലം**
യെശ. 58:1-14, റോമർ 2:1-13, സങ്കീ. 6, യോഹന്നാൻ 5:1-9

**മാർച്ച് 6 ബുധൻ -ചാമ്പൽ ബുധനാഴ്ച**
വിഷയം: **ക്രൂശ്- പീഡാനുഭവത്തിലേക്കുള്ള ക്ഷണം**
1രാജാ 17:12-24, ഫിലി. 2:1-11, സങ്കീ. 102, മർക്കൊ. 8:31-38

**മാർച്ച് 10 ഞായർ**
വിഷയം: **പുറത്താക്കപ്പെട്ടവരോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമൊപ്പം ആയിരിക്കുക**
എസ്ഥേർ 4:1-17, അപ്പൊ. 15:12-21, സങ്കീ. 43, മർക്കൊ. 1:40-45

**മാർച്ച് 17**
വിഷയം: **പാപഭാരത്തിൽ നിന്നുള്ള വിടുതൽ**
2 ശമു. 12:1-14, അപ്പൊ. 8:9-25, സങ്കീ. 32, മർക്കൊ. 2:1-12

**മാർച്ച് 24**
വിഷയം: **അതിരുകൾക്കതീതമായ വിശ്വാസത്തെ അംഗീകരിക്കുക**
യെശ. 44:28-45:8, അപ്പൊ. 10:24-33, സങ്കീ 125., മത്തായി 15:21-28

**മാർച്ച് 31**
വിഷയം: **അടിച്ചമർത്തുന്ന ഘടനകളുടെ രൂപാന്തരം**
നഹും 1:1-15, അപ്പൊ. 4:32-37, സങ്കീ. 113, ലൂക്കൊ. 13:10-17

## എഡിറ്റോറിയൽ

# "ആറ്ററികത്തു നട്ടിരിക്കുന്ന വൃക്ഷം"

വീണ്ടും ഒരു പരീക്ഷാക്കാലം കൂടെ വന്നിരിക്കുന്നു. മാർച്ച് മാസം പരീക്ഷകളുടെ മാസം. വിവിധപരീക്ഷകൾ. നമ്മുടെ മക്കളും നാമും ഒന്നുപോലെ ഒരുക്കത്തിലാണ്. പഠനം മാത്രമല്ല, ദൈവവചനവായന, പ്രാർത്ഥന ഇതൊന്നും മുടക്കരുത്. വെറുതെ വിത്ത് നിലത്തിട്ടാൽ മുളയ്ക്കുമായിരിക്കും. പിന്നത്തേതിൽ വളർന്നാലും വിളറിയിരിക്കും. ഫലം പുറപ്പെടുവിച്ചാലും പുഷ്ടിയില്ലാത്ത, മറ്റുള്ളവർക്ക് അധികപ്രയോജനം ഇല്ലാത്ത ഫലങ്ങൾ ഉണ്ടാകും. എന്നാൽ നമ്മുടെ മക്കൾ ആറ്ററികത്തു നട്ടിരിക്കുന്നതും തക്കകാലത്ത് ഫലം കായ്ക്കുന്നതുമായ വൃക്ഷം പോലെയാകണം. ആറ്ററികത്ത് നല്ല വെള്ളമുണ്ട്, വളമുണ്ട് ആഴത്തിൽ വേരൂന്നി വളരാനുള്ള സാഹചര്യമുണ്ട്. അത്തരം സാഹചര്യം നമ്മുടെ ഭവനങ്ങളിലും ഉണ്ടാകണം. വേദവായന, ധ്യാനം, പ്രാർത്ഥന അവശീലമായിത്തീരണം. അങ്ങനെ പരിശീലിപ്പിച്ച് അവരെ മറ്റുള്ളവർക്കും നമുക്കും പ്രയോജനമുള്ളവരാക്കാനാണ്, മാതാപിതാക്കൾ, കുടുംബം, സഭ എന്നിവയ്ക്ക് കുഞ്ഞുമക്കളെ ഏല്പിച്ചു തന്നിരിക്കുന്നത്. അവർക്കുവേണ്ടി പ്രാർത്ഥിച്ചാൽ മാത്രം പോരാ, പ്രയോജനപ്രദമായ സാഹചര്യം സൃഷ്ടിക്കേണ്ട ചുമതല നമുക്കുണ്ട്.

അഞ്ചപ്പവും 2 മീനും കർത്തൃകരങ്ങിൽ ഏല്പിച്ചപ്പോൾ അത് അവനും അനേകർക്കും പ്രയോജനപ്രദമായി അപ്രകാരം നമ്മുടെ മക്കൾ വളരട്ടെ. "ആർ നമുക്കുവേണ്ടി പോകും? എന്നതിന് ഞാൻ പോകാം എന്നു ധീരതയോടെ പറയുന്ന ഒരു സമൂഹം നമുക്കു സ്വപ്നം കാണാം. എല്ലാ മേഖലകളിലും കർത്താവിനായി ന്യായവും നീതിയും പ്രവർത്തിക്കുന്ന ഒരു സമൂഹത്തിനായി നമുക്കു കാത്തിരിക്കാം.

"മനുഷ്യാ നല്ലതെന്തെന്ന് അവൻ നിനക്ക് കാണിച്ചു തന്നിരിക്കുന്നു ന്യായം

പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്" (മീഖാ 6:8).

നാം നിർമ്മിക്കുന്ന കെട്ടിടത്തിന് ബലവത്തായ അടിസ്ഥാനമുണ്ടെങ്കിൽ മാത്രമേ വൻ കെട്ടിടങ്ങൾ പണിയപ്പെടാൻ സാധ്യമാകൂ. വന്മഴചൊരിഞ്ഞാലും നദികൾ പൊങ്ങിയാലും കാറ്റ് അതിന്മേൽ അടിച്ചാലും വീണുപോകാത്ത കെട്ടിടങ്ങളാണ് ആവശ്യം. അപ്രകാരം ഉപയോഗ യോഗ്യമായ സൽഫലം പുറപ്പെടണമെങ്കിൽ

**1. ദിനം തോറും തിരുവചനം വായിക്കണം, ധ്യാനിക്കണം, ജീവിതത്തിൽ പ്രായോഗികമാക്കാൻ ശ്രമിക്കണം.**

യാക്കോബ് 1:22 "എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ.

**2. ത്യാഗപൂർവ്വം കൊടുക്കുവാനും മനസ്സോടെ ക്ഷമിക്കുവാനും നാം പരിശീലിയ്ക്കണം.** അഹംഭാവത്തിനും സ്വാർത്ഥതയ്ക്കും ക്രിസ്തീയ ജീവിതത്തിൽ സ്ഥാനമില്ല.

**3. താലന്തുകൾ കുഴിച്ചു മൂടരുത്.** താലന്തുകൾ വ്യാപാരം ചെയ്യുമ്പോൾ അലസരായോ മടിയന്മാരായോ ഇരിക്കരുത്. എല്ലാ താലന്തുകളും ദൈവ മഹത്വത്തിനായി ഉപയോഗിക്കാം.

അപ്പോൾ നല്ലവനും വിശ്വസ്തനുമായ ദാസനെ എന്ന വിളി കേൾക്കുവാൻ നമുക്കും മക്കൾക്കും യോഗ്യതയുണ്ടാകും. ഇങ്ങനെയുള്ള ഒരു സമൂഹം ഉയരുമ്പോൾ മനുഷ്യപുത്രൻ തേജസ്സോടെ സകലവിശുദ്ധന്മാരുമായി വരുമ്പോൾ എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ എന്ന വിളിക്ക് യോഗ്യരായ ഒരൊറ്റ സമൂഹം മാത്രമേ ഉണ്ടാകൂ. ആ സമൂഹത്തിൽ നാമും ഉണ്ടാകും.

പരീക്ഷകൾക്കായി തയ്യാറാകുന്ന ഈ സന്ദർഭത്തിൽ ജീവിത പരീക്ഷകളിലും വിജയികളാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**വത്സ ഡി. എസ്.**

## Secretary's Report



Dear friends in Christ,

Greetings in the precious name of our Lord and Saviour Jesus Christ.

The Church committee take this opportunity to extend whole hearted thanks to the members of our Church for conducting the Church General body on 17th February 2019, Sunday at 10:30 am (3rd General body since inception of the present Church committee). As decided in the General body the Church committee is committed to implement the renovation of TJM hall in a speedy manner. In order to execute the envisaged plan of renovation we request all to remember this in your daily prayers.

Our Church roof needs urgent repairs in particular by replacing the worn out wooden reapers with quality primer coated wooden reapers preferably teak wood. 40% of the repair work has already been completed. The Church need to mobilise adequate resource to complete the entire work. Needless to state that it is our obligation vested on all of us, to upkeep the worship place to the requisite standards. Hence all are requested to pray and support for this cause generously.

**1. Church Committee Meeting**

In February, regular Church Committee meeting was held on 10th February 2019 Sunday and continuation meeting on 15th February 2019, Friday.

**2. Accounts for the month of January 2019**

The receipts and payments for the month of January 2019 is published at page nos.16 to 21 of this issue.

**3. Circle Prayers**

During the month, 22 circle prayers were conducted.

**4. Meeting of office bearers of sub-organisations**

A meeting of the office bearers of 9 sub organisations functioning in the MM Church was held on 20th February. The meeting was presided over by Rev. D. Jacob, Presbyter-in-charge. The main purpose of the meeting was to discuss and evolve a synergy between the sub organisations and thereby organising the annual programmes of each organisations without overlap/ clash.

**5. Dedication of members of MM Church choir**

MM Church choir members who take part in five worship services on Sundays rededicated their solemn commitment to serve the choir by taking pledge on Sunday, 24th February 2019.

**6. Marriages**

4 marriages were solemnized at our church during the month.

Our church member Ms.Reeba Jacob, d/o Dr.Arthur Jacob, Family no.1197 was married to Dr.Sandhu on 9th February 2019 and Dr.John B Jacob Family no.1121, was married to Dr.Diana Ferdinend on 21st February 2019. Congratulations!!!

Two marriages which were solemnized on 14th February 2019 and 27th February 2019 belonged to members of other CSI churches.

**7. Obituary**

The following members of our Church were called to eternal rest.

- Mrs. Annie Sarojini Harris (family no. 805) on 04.02.2019 and funeral on 05.02.2019 at M M Church cemetery.
- Mr.Jaison E (family no. 1746 ) on 11.02.2019 and funeral on same day at family house Neyyattinkara.
- Mr.Sathyaseelan (family no.1657 ) on 11.02.2019 and funeral on 12.02.2019 at M M Church cemetery.
- Mrs. Pavithra Thankachi (family no.1144 ) on 13.02.2019 and funeral on same day at M M Church cemetery.

Heartfelt condolences to the bereaved families

**8. Birthday Greetings**

Church committee extends bright and blessed birthday to all our beloved members who celebrated birthday during the month of February 2019.

The Church committee take this opportunity to wish all the members of MM Church

May God our Father and the Lord Jesus Christ give you all grace and peace.

**Dr. Thampi Sam Raj Y C**
**Church Secretary**



**Bible Study at Girls' Boarding Home on 23-02-2019 conducted by Gospel Band**

# നോമ്പ് രൂപാന്തരത്തിന്റെ കാലഘട്ടം

റവ. ഐ. ഷാലോം പ്രകാശ്
MSc, MPhil, BEd, BD, MTh

***ധ്യാനവചനം:*** *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ.... (യെശ. 55:7).*

ഒരു കുഞ്ഞ് ജനിക്കുമ്പോൾ മാതാപിതാക്കളുടെ രൂപസാദൃശ്യങ്ങൾ സ്വായത്തമാക്കുന്നു. അതുപോലെ ആ മാതാപിതാക്കൾ അവരുടെ മാതാപിതാക്കളുടെ രൂപസാദൃശ്യം സ്വായത്തമാക്കിയിരുന്നു. ഇങ്ങനെ ആദാമിൽ നിന്ന് തലമുറതലമുറയായി കൈമാറ്റപ്പെട്ട രൂപസാദൃശ്യം, സ്വഭാവം, ഇന്ന് മനുഷ്യരിൽ കാണുന്നു. ഹവ്വയുടെ അനുസരണക്കേട്, കയ്യീന്റെ കൊലപാതകസ്വഭാവം, യിശ്മായേലിന്റെ പരിഹാസം, യാക്കോബിന്റെ വഞ്ചന ഇതെല്ലാം മനുഷ്യനുണ്ട്. ഈ സ്വഭാവങ്ങളുള്ള മനുഷ്യൻ രൂപാന്തരം പ്രാപിക്കണം. അല്ലെങ്കിൽ മനുഷ്യർക്ക് ഞരക്കത്തിന്റെയും തകർച്ചയുടേയും ദുഃഖത്തിന്റെയും കണ്ണുനീരിന്റെയും അനുഭവമായിരിക്കും (സങ്കീ. 6:6,7). കാട്ടൊലിവിന്റെ കൊമ്പ് ഒടിച്ചുകളഞ്ഞിട്ട് നല്ല ഒലിവുമരകൊമ്പ് ഒട്ടിച്ചു ചേർക്കുന്ന അനുഭവം ആവശ്യം, കുറവ് ഉണ്ടാക്കുന്ന അപമാനം നിറവ് മൂലം മാനമായി മാറണം (യോഹ. 2:1-11). കാർമുകിലിനെപ്പോലെയുള്ള പാപങ്ങളും ലംഘനങ്ങളും മായിച്ചുകളയപ്പെട്ട് ഘോഷിച്ചുല്ലസിക്കുന്ന അനുഭവം ഉണ്ടാകണം. (യെശ. 44:22,23).

രൂപാന്തരത്തെ തിന്മയുടെ അവസ്ഥ മാറി പുതുക്കം പ്രാപിക്കുന്ന അവസ്ഥയായി പറയാം (ലൂക്കൊ. 19:1-10). പട്ടുനൂൽപ്പുഴു അതിന്റെ മാറ്റത്തിന്റെ അവസാനഘട്ടത്തിൽ മനോഹരമായ ചിത്രശലഭമായി മാറുന്നു. അതുപോലെയാണ് രൂപാന്തരം പ്രാപിച്ചവന്റെ അവസ്ഥ.

**രൂപാന്തരത്തിനു മുമ്പുള്ള അവസ്ഥ**

- ജാതികളുടെ ഇടയിൽ ദൈവനാമം അശുദ്ധമാക്കി (യെഹ. 36:22).
- നിങ്ങൾക്കുള്ളത് കല്ലായ ഹൃദയം (യെഹ. 36:26)
- നിങ്ങൾ ക്ഷാമത്തിന്റെ നിന്ദ അനുഭവിക്കുന്നു (യെഹ. 36:30)
- നിങ്ങൾ ദുർമാർഗ്ഗത്തിലാണ് (യെഹ. 36:31)
- നിങ്ങൾക്കുതന്നെ നിങ്ങളെക്കുറിച്ച് വെറുപ്പ് തോന്നുന്നു (യെഹ. 36:31)
- സകല മലിനതകളിലും ജീവിക്കുന്നു (യെഹ. 36:21)

ഈ അവസ്ഥകളിൽ നിന്നുള്ള രൂപാന്തരമാണ് സംഭവിക്കേണ്ടത്.

**1. രൂപാന്തരത്തിന് പാപമോചനം ആവശ്യം**

പാപമോചനം ആവശ്യമാണ് എന്ന ചിന്ത ഒരു വ്യക്തിക്ക് ഉണ്ടെങ്കിൽ

മാത്രമേ അതിന്റെ സാധ്യതകളെക്കുറിച്ച് അന്വേഷിക്കുകയുള്ളൂ. നിലവിലെ അവസ്ഥ (യെഹ. 36:22-32) മതി എന്ന ചിന്ത ഉള്ളവർക്ക് ആ അവസ്ഥ പാപ മാണ് എന്ന ബോധം ഉണ്ടാക്കുന്നില്ല. അധർമ്മത്തെ ധർമ്മമായി കരുതി വളരെ ഉത്സാഹത്തോടെ അവരത് ചെയ്യും. ദൈവികത അവരിൽ നിന്ന് എടുക്കപ്പെട്ട തുകൊണ്ടാണ് അത് സംഭവിക്കുന്നത്. ഏതെങ്കിലും ഘട്ടത്തിൽ പാപബോധം വരുമ്പോൾ ദാവീദിന് സംഭവിച്ചതുപോലെ പാപമോചനത്തിന്റെ ആവശ്യകത ബോധ്യമാവുകയും അതിനുള്ള വഴികൾ തേടുകയും ചെയ്യും. ദാവീദ് ദൈവ ത്തോടു പ്രാർത്ഥിച്ചു. "ദൈവമേ നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്ക ളയരുതേ, നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ. നിന്റെ രക്ഷയുടെ സന്തോഷം എനിക്ക് തിരികെ തരേണമേ" സങ്കീ. 51:11,12. നാഥാൻ പ്രവാചകൻ പാപബോധം വരുത്തിയപ്പോൾ ദൈവത്തോട് പാപമോചനത്തി നായി ദാവീദ് കേഴുന്നു. അങ്ങനെ പാപമോചനം ആഗ്രഹമുള്ള വ്യക്തിയോട് ദൈവം പറയുന്നത് "നീ എന്റെ ദാസനല്ലോ, ഞാൻ നിന്നെ നിർമ്മിച്ചു; നീ എന്റെ ദാസൻതന്നെ; യിസ്രായേലേ ഞാൻ നിന്നെ മറന്നു കളയുന്നില്ല (യെശ. 44:21)

**2. രൂപാന്തരത്തിന് ദൈവത്തിലേക്കുള്ള മടങ്ങിവരവ് ആവശ്യം**

മടങ്ങിവരവിന് 'Metanoia' എന്ന ഗ്രീക്ക് പദം ഉപയോഗിക്കുന്നു. അതാ കട്ടെ 'U- turn' സമ്പൂർണമടങ്ങിവരവാണ് ഉദ്ദേശിക്കുന്നത്. യെശ. 44:22 പറ യുന്നത് "എങ്കലേക്ക് തിരിഞ്ഞുകൊള്ളുക" എന്നാണ്. പഴയതിനെ പൂർണ്ണ മായി ഉപേക്ഷിച്ചാൽ മാത്രമേ ദൈവത്തിലേക്കുള്ള തിരിയൽ സാധ്യമാകൂ. പഴ യപാപത്തോടുകൂടെ ദൈവത്തിങ്കലേക്ക് തിരിയാൻ സാധ്യമല്ല. ഇന്ന് മനുഷ്യർ തുടർന്നുവരുന്ന സകല തിന്മകളും ഉപേക്ഷിക്കാതെ തന്നെ ദൈവവുമായുള്ള ബന്ധത്തിലായിരിക്കാം എന്ന് കരുതുന്നു. "ദുഷ്ടൻ തന്റെ വഴിയെയും നീതി കെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചിട്ട്" യഹോവയിങ്ക്ലേക്ക് തിരിയ ണം. അപ്പോഴാണ് ദൈവം കരുണകാണിക്കുന്നതും ക്ഷമിക്കുന്നതും (യെശ. 55:7).

പഴയതു ഉപേക്ഷിച്ചിട്ട് പുതിയത് പ്രാപിക്കുമ്പോൾ അത് രൂപാന്തര മായി മാറുന്നു. പാപത്തെ ഉപേക്ഷിക്കുക (എഫെ. 4:22) രൂപാന്തരത്തിന്റെ പര മപ്രധാനമായ ഘടകമാണ്. കാർമുകിലിനെപ്പോലെയുള്ള പാപങ്ങളും ലംഘ നങ്ങളും മാറിപോകണം. ദൈവത്തിന്റെ മുഖശോഭ പ്രാപിക്കണം. രൂപാന്തരം പ്രാപിക്കണം.

**3. രൂപാന്തരപ്പെട്ട വ്യക്തി വീണ്ടെടുക്കപ്പെട്ട വ്യക്തി**

പാപം വിട്ടൊഴിഞ്ഞ് ദൈവത്തിലേക്ക് മടങ്ങിവന്ന വ്യക്തിയെ വീണ്ടെ ടുക്കപ്പെട്ട വ്യക്തിയെന്നു വചനം പറയുന്നു. 'എങ്കലേക്ക് തിരിഞ്ഞുകൊൾക; ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു' (യെശ. 44:22). ലോകത്തിലാദ്യമായി 1967 ഡിസംബർ 3 ന് ദക്ഷിണാഫ്രിക്കയിൽ ഡോ. ക്രിസ്റ്റ്യൻ ബെർണാർഡ് 53 വയസ്സുള്ള ലൂയിസ്  വാസ്കൻസിക്ക് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി. ഓപ്പറേഷനു മുമ്പ് ലൂയിസിന്റെ ഹൃദയം നന്നായി പരിശോധിച്ചു.

സ്കാൻ ചെയ്തു. രക്തപരിശോധന നടത്തി. ഒരുതരത്തിലും നിലവിലുള്ള ഹൃദയവുമായി ലൂയിസിന് ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സാധ്യമല്ല എന്ന് മനസിലായി. അതിനാൽ ക്രിസ്റ്റ്യൻ ബെർണാർഡ് പുതിയൊരു ഹൃദയം മാറ്റിവയ്ക്കുകയും പുതിയ ജീവിതത്തിലേക്ക് കൊണ്ടുവരികയും ചെയ്തു. നിലവിലുള്ള ജീവിതത്തിൽ നിന്ന് പൂർണമായി തിരിഞ്ഞു രൂപാന്തരം പ്രാപിക്കുമ്പോൾ വീണ്ടെടുക്കപ്പെട്ട വ്യക്തിയായി മാറുന്നു. ശുദ്ധമായ പൊന്നുപോലെ നിർമ്മലീകരിക്കപ്പെടുകയും മനസ്സു പുതുക്കി രൂപാന്തരപ്പെടുകയും ചെയ്യുന്നു (മലാഖി 3:3, റോമ. 12: 2).

നിലവിലെ ജീവിത അവസ്ഥയെക്കുറിച്ച് യെശയ്യാപ്രവാചകൻ പറയുന്നത് ഇപ്രകാരമാണ്: "അടിതൊട്ട് മുടിവരെ ഒരു സൗഖ്യവും ഇല്ല; മുറിവും ചതവും പഴുത്ത വ്രണവും മാത്രമേയുള്ളു." യെഹൂദയുടെ ആന്തരിക അവസ്ഥയുടെ നേരിയ ചിത്രമാണിത്. രാജ്യം സാമ്പത്തിക അഭിവൃദ്ധി പ്രാപിച്ചിരുന്നു, യാഗങ്ങൾക്കും പ്രാർത്ഥനകൾക്കും മതപരമായ ചടങ്ങുകൾക്കും യാതൊരു കുറവും ഇല്ലായിരുന്നു. പക്ഷെ യാഥാർത്ഥ്യം, 'മുറിവും ചതവും പഴുത്ത വ്രണവും മാത്രം' ഈ അവസ്ഥ മാറി രൂപാന്തരം പ്രാപിക്കണം. അനുസരണക്കേടും കൊലപാതകവും പരിഹാസവും ചതിവും വഞ്ചനയും ജീവിതത്തിൽ നിന്ന് മാറണം. അതിൽ നിന്ന് പൂർണമായും ദൈവത്തിങ്കലേക്ക് തിരിഞ്ഞുവരണം. ആ രൂപാന്തരം നമ്മുടെ ജീവിതത്തിലുണ്ടാവണം. കാർമുകിലിനെപ്പോലെയുള്ള സകല പാപങ്ങളും പരിഹരിക്കാൻ കഴിയുന്ന ദൈവകരങ്ങളിൽ നമ്മെ സമർപ്പിച്ച് പുതുക്കം പ്രാപിക്കാം. ❍

---

## <u>ചർച്ച് വോയിസ് – ബൈബിൾ ക്വിസ്സ് – മലയാളം പരിഭാഷ</u>

## മാർച്ച് 2019 – സദൃശവാക്യങ്ങൾ 1-15

1. സകലസമ്പാദ്യത്താലും നേടേണ്ടത് എന്ത്?
2. ജ്ഞാനമായവൾ തന്റെ വീടിനു എത്ര തൂണ തീർത്തു?
3. നമ്മുടെ ശിരസ്സിന്നു അലങ്കാരമാലയും നമ്മുടെ കഴുത്തിന്നു സരപ്പളിയും ആയിരിക്കുന്നതെന്ത്?
4. മനുഷ്യന്റെ നടപ്പു ഒക്കെയും തൂക്കി നോക്കുന്നതാര്?
5. പാപിയുടെ സമ്പത്ത് ആർക്കു വേണ്ടി സംഗ്രഹിക്കപ്പെടുന്നു?
6. മരണത്തെ ഇച്ഛിക്കുന്നതാര്?
7. നമ്മുടെ കഴുത്തിൽ കെട്ടിക്കൊൾകയും; നമ്മുടെ ഹൃദയത്തിന്റെ പലകയിൽ എഴുതിക്കൊള്ളുകയും ചെയ്യേണ്ടതെന്തൊക്കെ?
8. നാവിന്റെ ശാന്തത ....................
9. ഭർത്താവിന്നു കിരീടം ആരു?
10. വഴക്കുകൾക്ക് കാരണം ആകുന്നതെന്ത്?

ലേഖനം

# നോമ്പിന്റെ ആത്മീയത

**ഡോ. ക്രിസ്റ്റൻസൺ ഇ. സാരസം**

**ആ**ത്മീയ രൂപാന്തരത്തിന് ഉതകുന്ന ഒരു കാലഘട്ടമാണ് നോമ്പ്. നോമ്പുകാലത്ത് നാം ഒരു ആത്മീയ പണിപ്പുരയിൽ ആണ്. ഈ സമയം നമ്മെ ത്തന്നെ ശോധന ചെയ്യുന്നതിനും, പോരായ്മകൾ മനസ്സിലാക്കി വേണ്ടുന്ന തിരുത്തലുകൾ ചെയ്യുന്നതിനുമുള്ള ഒരു സന്ദർഭമാണ്. എഡി 325 മുതൽ ക്രിസ്തീയ സഭ ആചരിച്ചു വരുന്നതും തുടർന്നുവരുന്നതുമായ ഒന്നാണ് നോമ്പാചരണം. വിശ്വാസികളെ വ്യക്തികളായും, കുടുംബങ്ങളായും, സഭയാ യുംയഥാർത്ഥ അനുതാപത്തിന്റെയും സമർപ്പണത്തിന്റെയും അനുഭവത്തിലാ കാൻ പിതാപുത്ര പരിശുദ്ധാത്മാവ് സഹായിക്കുന്നു. കൂടാതെ ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ ആത്മീയത ഗ്രഹിക്കുകയും ചൈതന്യം ഉൾക്കൊള്ളുകയും ചെയ്യുന്ന കാലഘട്ടമാണു നോമ്പിന്റെ ദിനങ്ങൾ. “ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വവും, രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു” (1 കൊരിന്ത്യർ 1:18). സ്വയശിക്ഷണത്തിന്റെയും, വർജനത്തിന്റെ യും, സഹനത്തിന്റെയും, ലാളിത്യത്തിന്റെയും ജീവിതവിശുദ്ധിയുടെയും ആത്മീയ പ്രകാശം പരത്തുന്ന ആഴ്ചവട്ടങ്ങൾ. നമ്മുടെ ഉള്ളിലെ ആത്മാർത്ഥത യുടെയും അർപ്പണബോധത്തിന്റെ യും നിശ്ചയദാർഢ്യത്തിന്റെയും നോമ്പുകൾ പൊട്ടിമുളക്കുന്ന നാളുകൾ. യഥാർത്ഥ നോമ്പാചരണത്തിലൂടെ വിശ്വാസികൾ തമ്മിലുള്ള കൂട്ടായ്മ, സൗഹൃദം, സ്നേഹം എന്നിവ കൂടുതൽ ദൃഢമായിത്തീരും.

**ആഴമേറിയ രൂപാന്തരാനുഭവം.**

ആത്മപരിശോധനക്കും, ആന്തരിക നവീകരണത്തിനും നമ്മെ നയി ക്കുന്ന നോമ്പിന്റെ ദിനങ്ങൾ ഈ ആണ്ടിൽ മാർച്ച് മാസത്തിന്റെ ആദ്യാഴ്ച ആരംഭിച്ചുകഴിഞ്ഞു. ഈ പ്രത്യേക കാലയളവിൽ രക്ഷിതാവായ യേശു കർത്താ വിന്റെ പീഡാനുഭവത്തിന്റെയും സഹനത്തിന്റെയും ക്രൂശുമരണത്തിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും അനുഭവങ്ങൾ നാം ധ്യാനിക്കുന്നു. പഴക്കവും പാരമ്പര്യവുമുള്ള പല സഭകളും ഉയിർപ്പു ഞായറിന് മുമ്പുള്ള 50 ദിവസം വലിയ നോമ്പായി ആചരിക്കുന്നു. പ്രവാചകന്മാരായ മോശെ (പുറപ്പാട് 34: 28) നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തു (മത്തായി 4:2) എന്നിവരുടെ ഉപവാസക്കാലവുമായി ബന്ധപ്പെടുത്തിയാണ് മിക്ക സഭകളും നോമ്പ് ആചരണം 40 ദിവസമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നത്. നോമ്പ്

തുടങ്ങുന്ന ബുധനാഴ്ച ദിവസത്തെ (മാർച്ച് 6, 2019) ചാമ്പൽ ബുധൻ / ക്ഷാര ബുധൻ (Ash wednesday) എന്നു വിളിക്കപ്പെടുന്നു.

**നോമ്പിന്റെ അന്തഃസത്ത**

പ്രാർത്ഥന, ഉപവാസം, മധ്യസ്ഥത എന്നിവ നോമ്പിന്റെ അവിഭാജ്യ ഘടകങ്ങളാണ്. ദൈവത്തോടും മനുഷ്യരോടും ഉള്ള തെറ്റുകൾ ഏറ്റുപറച്ചിൽ, തകർന്ന ബന്ധങ്ങളുടെ പുതുക്കൽ, ദൈവസ്നേഹത്തിന്റെ ഊഷ്മളത എന്നിവ നാം ലക്ഷ്യമാക്കണം. (1) സ്നേഹ ബന്ധങ്ങൾ ദൃഢമാക്കുന്നതിനും തന്മൂലം സമൃദ്ധമായ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനും ആത്മാർത്ഥമായ പ്രാർത്ഥന വഴിതെളിക്കുന്നു (യെശ 59:1) (2) ഉപവാസത്തിലൂടെ ആത്മതപനം ചെയ്ത് പ്രായശ്ചിത്തം നേടി ആത്മീയ രൂപാന്തരം പ്രാപിക്കുന്നു (ലേവ്യ. 16:29–31). (3) ദൈവത്തിനും മനുഷ്യനും മദ്ധ്യേ നിന്നുകൊണ്ട് മാനവജാതിക്കുവേണ്ടി ദൈവ കൃപയും കാരുണ്യവും യാചിക്കുന്നതാണ് മധ്യസ്ഥത (ആവർ. 9:18–20). മധ്യ സ്ഥതയിലൂടെ നാം അനുരഞ്ജനം പ്രാപിക്കുന്നു. വിശുദ്ധി, നിർമ്മലത, ഭക്തി, പ്രാർത്ഥന, സമർപ്പണം മുതലായവ നമുക്ക് കരഗതമാക്കുന്നു. അന്യായ ബന്ധ നങ്ങളെ വിട്ടൊഴിയുക, നുകത്തിന്റെ അടിമക്കയറുകളെ അഴിക്കുക, പീഡിതരെ സ്വതന്ത്രരായി വിട്ടയക്കുക, എല്ലാ നുകത്തെയും തകർക്കുക (യെശ. 58:3–11) എന്നിവ നോമ്പിന്റെ ഉദ്ദേശ്യങ്ങളാണ്.

**നോമ്പിന്റെ പ്രസക്തി**

നമ്മുടെ മനസ്സിൽ നാം മറ്റുള്ളവരോട് മനഃപ്പൂർവ്വമായി സൂക്ഷിച്ചിരി ക്കുന്ന കയ്പ്, പിണക്കം, ഈർഷ്യ, വൈരാഗ്യം, അസൂയ, പ്രതികാരചിന്ത – ഇവ നീക്കികളയണം. "നിങ്ങൾ പ്രാർത്ഥിക്കാൻ നിൽക്കുമ്പോൾ സ്വർഗ്ഗസ്ഥ നായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന് നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവരോടു ക്ഷമിപ്പിൻ" (മർക്കൊ. 11:25). നമ്മുടെ നോമ്പിലെ ശ്രദ്ധ എപ്പോഴും ക്രിസ്തുകേന്ദ്രീകൃതം ആയിരിക്കണം. നോമ്പിന്റെ ഉപവാസവും പ്രാർത്ഥനയും കൊണ്ട് മനുഷ്യ ഹൃദയങ്ങളിൽ രൂപാ ന്തരം ഉണ്ടാകണം. നവീകരിക്കപ്പെടണം. ഉണർവ് പ്രാപിക്കണം. ഇത് ഉള്ളിന്റെ ഉള്ളിൽ പ്രകടമാകണം. വ്യവസ്ഥ കൂടാതെയുള്ള അനുസരണം ഉളവാകണം. ഹൃദയത്തിൽ നിന്നു എല്ലാ വഞ്ചനയും, ദുഷ്ടതയും അസൂയയും വാശിയും എല്ലാം അകന്നുപോകണം. നഷ്ടപ്പെട്ടുപോയ സന്തോഷം തിരികെ പ്രാപിച്ചു സ്നേഹ ശുശ്രൂഷകളിൽ പങ്കാളികളാകണം.

**ക്ഷമിക്കുകയും മറക്കുകയും**

ക്ഷമ അഭ്യസിക്കുകയാണ് നോമ്പിന്റെ കാതലായ മൂല്യം. യേശു ക്രൂശിൽ കാഴ്ചവെച്ചത് (ലൂക്കൊ. 24:34) അത്യധികം വിസ്മയകരമായ സ്വർഗ്ഗീയ ക്ഷമയാണ്. നമ്മെ ഉപദ്രവിച്ചവരോടെല്ലാം ക്ഷമിക്കാതെ വൈരാഗ്യം മനസ്സിൽ സൂക്ഷിച്ചാൽ, നമുക്ക് മനസ്വസ്ഥത ഉണ്ടായിരിക്കില്ല. ക്ഷമിക്കുന്നതി ലൂടെ നാം സമാധാനം നേടും. നമ്മെ വിഷമിപ്പിച്ചവരോടെല്ലാം മാനസീകമായി

അകന്നു ജീവിക്കുവാനുള്ള പ്രവണത നമുക്കുണ്ടാകാറുണ്ട്. ആ ജീവിതം ഒരിക്കലും ആസ്വാദ്യമായിരിക്കില്ല. വൈരാഗ്യവും വെറുപ്പുംകൊണ്ട് ജീവിതസൗധം കെട്ടി ഉയർത്താൻ ശ്രമിക്കരുത്. "ക്ഷമയാൽ നിങ്ങൾ പ്രാണനെ നേടും"

**നോമ്പാചരണം ഹൃദയശുദ്ധീകരണത്തിലേക്ക്**

"ഹൃദയശുദ്ധിയുള്ളവൻ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും" (മത്തായി 5:8). വിശുദ്ധി കൂടാതെ ആർക്കും ദൈവത്തെ കാണാൻ കഴിയുകയില്ല. ഹൃദയത്തിന്റെ വിശുദ്ധി കാത്തു സൂക്ഷിക്കുവാൻ ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സഹായം അത്യാന്താപേക്ഷിതമാണ്... ദൈവത്തോടുകൂടി ചേർന്ന് നടന്നാൽ മാത്രമേ വിശുദ്ധജീവിതം നയിക്കാൻ സാധിക്കുകയുള്ളൂ. തെളിഞ്ഞ മനഃസാക്ഷിയും സുതാര്യതയുള്ള ജീവിതവും നാം എത്രത്തോളം വിശുദ്ധരാണെന്ന് വെളിപ്പെടുത്തും. വ്യക്തിത്വത്തിന്റെ ആകമാന സൗഖ്യം പ്രാപിക്കലാണ് നോമ്പിന്റെ യഥാർത്ഥ ഉദ്ദേശ്യം എന്നതിനാൽ നോമ്പ് പ്രതിവർഷം ചില പ്രത്യേക സമയത്തേക്കുള്ളതല്ല; നിത്യമായ ജീവിതാനുഭവമായിത്തീരണം. നോമ്പ് സ്വയ ത്യാഗമല്ല; സ്നേഹ ശുശ്രൂഷയാണ്. വിശപ്പുള്ളവനെതൃപ്തിവരുത്തുന്ന, കഷ്ടത്തിൽ ഇരിക്കുന്നവനെ ആശ്വസിപ്പിക്കുന്ന, നഗ്നനെ ഉടുപ്പിക്കുന്ന, സാധുക്കളെ വീട്ടിൽ ചേർത്തുകൊള്ളുന്ന സാമൂഹ്യ പ്രതിബദ്ധത നോമ്പാചരണത്തിൽ അടങ്ങിയിരിക്കുന്നു (യെശ. 58:6-7).

**"ദൈവശബ്ദത്തിന് കാതോർക്കുവിൻ"**

ദൈവിക വെളിപ്പാടിലൂടെയും, ദർശനത്തിലൂടെയും ധ്യാനാത്മകജീവിതത്തിലേക്ക് വഴിതുറക്കുകയാണ് നോമ്പിന്റെ നാളുകൾ. ഇതിന് നമ്മെ സഹായിക്കുന്നത് ആഴത്തിലുള്ള പ്രാർത്ഥന ജീവിതമാണ്. നാം ദൈവത്തോട് എന്തു പറയുന്നു എന്നതിലുപരി ദൈവത്തിനു നമ്മോടു പറയാനുള്ളത് ശ്രദ്ധയോടെ കേട്ടു സംഗ്രഹിച്ചു അനുസരിക്കുന്നതിലൂടെയാണ് നമ്മുടെ നോമ്പ് അർത്ഥവത്താകുന്നത്.

**കഷ്ടതകളിലൂടെ ശുദ്ധീകരണം.**

ശോധനകളിലൂടെയും പരീക്ഷകളിലൂടെയും നാം നേരിടുന്ന കഷ്ടതകൾ ദൈവദത്തമായ പാനപാത്രമാണെന്ന് തിരുവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു. വിശുദ്ധ പൗലൊസിനെ ശരീരത്തിൽ വേദനിപ്പിച്ച തീരാത്ത പ്രശ്ന പരിഹാരത്തിന് പല തവണ അവൻ ദൈവത്തോട് അപേക്ഷിച്ചെങ്കിലും, "എന്റെ കൃപ നിനക്കുമതി" എന്നതായിരുന്നു ദൈവത്തിന്റെ മറുപടി. കഷ്ടതകൾ ദൈവഹിതപ്രകാരമുള്ള ശുദ്ധീകരണ പ്രക്രിയയാണെന്ന് അംഗീകരിച്ച് ദൈവത്തോട് ചേർന്ന് ജീവിക്കുകയും ദുഃഖത്തിന്റെ പാനപാത്രം സന്തോഷത്തോടുകൂടെ കുടിക്കുകയും ചെയ്താൽ, നമുക്ക് സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം ദൈവം ദാനം ചെയ്യും. യേശുദൈവഹിതത്തിന് കീഴ്പ്പെട്ട് ക്രൂശുമരണം വരിച്ചു, ഉയിർത്തെഴുന്നേറ്റു ഇന്നും നമുക്കായി ജീവിക്കുന്നു. "പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നും നീക്കേണമേ; എങ്കിലും

എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്നു യേശു പ്രാർത്ഥിച്ചു" (ലൂക്കൊ. 22:42). പ്രാർത്ഥനക്കുത്തരമായി ദൈവം ധൈര്യവും, പ്രശാന്തതയും നല്കി യേശുവിനെ ശക്തീകരിച്ചു. അതിനാൽ, നമ്മുടെ കഷ്ടതകൾ സഹിഷ്ണുതയോടെ സഹിച്ചു സഹനപാതയിൽ ദൈവഹിതം നിറവേറ്റാൻ എബനേസറും ഇമ്മാനുവേലുമായ യേശു നമ്മെ അനുദിനം വഴിനടത്തുന്നു.

**ദൈവകേന്ദ്രീകൃതമായ അർപ്പണം**

ക്രിസ്തുവിന്റെ ക്രൂശുമരണം ഒരു യാദൃച്ഛിക സംഭവമല്ല. പ്രവാചകന്മാർ നൂറ്റാണ്ടുകൾക്കുമുമ്പ് പ്രവചിച്ചിട്ടുള്ളത് തന്റെ ജീവിതത്തിലുടനീളം നിറവേറുകയായിരുന്നു. കർത്താവിന്റെ അനുഗാമികളായ നാം അനേകം കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു (അപ്ര. 14:22). "കോതമ്പു മണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അത് തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും" (യോഹന്നാൻ 12:24). നോമ്പുകാലത്ത് നാം നമ്മുടെ സ്വാർത്ഥതയെയും സ്വയ കേന്ദ്രീകൃതമായ എല്ലാ ഭാവങ്ങളെയും (ചിന്തയിലും, നിരൂപണങ്ങളിലും, പ്രവർത്തിയിലും) വെടിഞ്ഞു ദൈവകേന്ദ്രീകൃതമായ അനുഭവത്തിലേക്ക് നാം വളരണം. ജീവിത വിശുദ്ധിയും ബന്ധങ്ങളിൽ പുതുക്കവും സാധ്യമായിത്തീരണം. ക്രിസ്തുവിന്റെ സഹനത്തിൽ പങ്കാളികളാകുന്നതിലൂടെ ഈ കൃപ നമുക്ക് പ്രാപിക്കാം.

---




## പ്രാർത്ഥനയ്ക്ക് അപേക്ഷിക്കാം



എല്ലാ തിങ്കളാഴ്ചയും വൈകിട്ട് 6.30 മണിക്ക് ദൈവാലയത്തിൽ നടക്കുന്ന വെസ്റ്ററി പ്രെയറിൽ നമ്മുടെ സഭയിലെ അംഗങ്ങളുടെ വ്യക്തിഗത ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കാൻ ചർച്ച് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഈ അനുഗ്രഹീതമായ അവസരത്തെ സഭാംഗങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രാർത്ഥന ആവശ്യം എഴുതി ചർച്ച് ഓഫീസിന്റെ മുമ്പിൽ വച്ചിരിക്കുന്ന Prayer Request Box - ൽ നിക്ഷേപിക്കണമെന്നപേക്ഷിക്കുന്നു. അപേക്ഷകർക്കും വെസ്റ്ററി പ്രെയർകൂട്ടായ്മയിൽ പങ്കെടുത്ത് അനുഗ്രഹം നേടാം.

ചർച്ച് കമ്മിറ്റിക്കുവേണ്ടി

**സെക്രട്ടറി**



# MM Church VBS - 2019

ഈ വർഷത്തെ വി. ബി. എസ്. ക്ലാസുകൾ ഏപ്രിൽ 1 മുതൽ 13 വരെ നമ്മുടെ സഭയിൽവച്ച് നടത്തുന്നു. മഹായിടവക Children's Ministry ലെ ശ്രീ. ആർവിൻ, ശ്രീ. സുജിത് ആണ് ഈ വർഷത്തെ വി. ബി. എസ്. ഡയറക്ടർമാർ. 4 മുതൽ 20 വയസുവരെയുള്ള കുട്ടികൾക്ക് വി. ബി. എസ്. – ൽ പങ്കെടുക്കാം. ഇംഗ്ലീഷ് മലയാളം എന്നീ മാധ്യമങ്ങളിൽ ക്ലാസുകൾ ഉണ്ടായിരിക്കും. രാവിലെ 8.30 മുതൽ 12 മണിവരെയാണ് ക്ലാസുകൾ. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് Rs. 250/-. വി. ബി. എസ്. അദ്ധ്യാപകരാകാൻ ആഗ്രഹിക്കുന്നവർ സൺഡേസ്കൂൾ സെക്രട്ടറിയെ കാണുക. എല്ലാകുട്ടികളെയും ഈ വർഷത്തെ വി. ബി. എസ് ലേക്ക് സ്വാഗതം ചെയ്യുന്നു.

# Children's Camp- 2019

ഈ വർഷത്തെ ചിൻഡ്രൻസ് ക്യാമ്പ് ഏപ്രിൽ 25 മുതൽ 27 വരെ ശ്രീകാര്യത്തുള്ള ലയോള എക്സ്റ്റൻഷൻ സർവ്വീസ് എന്ന സ്ഥാപനത്തിൽ വച്ച് നടത്തുന്നതാണ്. 7 മുതൽ 15 വയസുവരെയുള്ള കുട്ടികൾക്ക് ക്യാമ്പിൽ പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് Rs. 1000/- നമ്മുടെ സഭയിലെ പുരോഹിതന്മാരും സൺഡേസ്കൂൾ അധ്യാപകരും ക്യാമ്പിൽ താമസിച്ച് നേതൃത്വം നൽകുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 15–ാം തീയതിക്ക് മുമ്പായി സൺഡേസ്കൂൾ സെക്രട്ടറിയെ അറിയിക്കുക.



സൺഡേസ്കൂൾ സെക്രട്ടറി
**അഡ്വ. എ. സഗുണരാജ്**
**ഫോൺ: 9447657850**

## CSI MATEER MEMORIAL CHURCH

### Receipts & Payments Accounts for the Month January 2019

| Sl. No | Particulars | Receipts Jan-19 | Payments Jan-19 |
|---|---|---|---|
| | **Church General Fund A/c.** | | |
| | **Opening Balance** | | |
| | | | |
| 1 | OB-Cash | 48637 | 0 |
| 2 | OB-DT Church Special Fund | 762162 | 0 |
| 3 | OB-SBI Church Special Fund | 1767532 | 0 |
| 4 | OB-Syndicate Bank | 6876 | 0 |
| | | **2585207** | **0** |
| | **Offertory** | | |
| 1 | Offertory 6 am Service | 39160 | 0 |
| 2 | Offertory 7 am Service | 41300 | 0 |
| 3 | Offertory 8.30 am Service | 118480 | 0 |
| 4 | Offertory 8.30 am Communion Service | 11320 | 0 |
| 5 | Offertory 10.30 am Service | 78975 | 0 |
| 6 | Offertory 4.15 pm Service | 38260 | 0 |
| 7 | Offertory 6.15 pm Service | 320 | 0 |
| 8 | Offertory Special Services | 86140 | 0 |
| 9 | Offertory Thursday Service | 4810 | 0 |
| 10 | Baptismal Offering | 1000 | 0 |
| 11 | Birthday Offering | 27051 | 0 |
| 12 | Marriage Thank Offering | 5200 | 0 |
| 13 | Marriage Anniversary Offering | 8850 | 0 |
| 14 | Thank Offering | 74270 | 0 |
| 15 | Offertory Box | 12830 | 0 |
| 16 | Monthly Sangam Offering | 81560 | 0 |
| 17 | Monthly Sangam - Covers | 202685 | 0 |
| 18 | Monthly Sangam Offering - Arrear | 15000 | 0 |
| | | | |

| | | | |
|---|---|---|---|
| 19 | Offertory BCL Union | 3479 | 0 |
| 20 | Offertory JCF | 3480 | 0 |
| | | **854170** | **0** |
| | **Salaries And Allowances** | | |
| 1 | Salary - Pastors | 0 | 183523 |
| 5 | Salary - Staff | 0 | 124086 |
| 11 | Wages - Regular Security | 0 | 15500 |
| 12 | Other Wages | 0 | 11000 |
| 13 | Loan - Rajeev T | 2500 | 0 |
| 14 | Loan - Darwin D L | 5000 | 0 |
| 15 | External Marriage Allowance | 0 | 2200 |
| 16 | Mobile Phone Allowance | 0 | 220 |
| 17 | Cover Distribution Allowance | 0 | 6000 |
| 18 | Monthly Assistance - Ex.Sexton-Mr. Johnson M. | 0 | 5500 |
| 19 | Monthly Assistance - Ex.Sexton-Mr. Hudson K. | 0 | 5500 |
| | | **7500** | **353529** |
| | **Transfer to Diocese/Bank (Recoveries & Dues)** | | |
| 1 | 20% Levy | 0 | 266966 |
| 2 | Palliative Care Program | 2500 | 2500 |
| 3 | Mangalya SKD | 1250 | 50000 |
| 4 | Pension Contribution of Pastors | 3004 | 3004 |
| 5 | CPF Contribution from Church | 10015 | 10015 |
| 6 | 1% to District Fund | 0 | 9332 |
| 7 | 1% to Missionary Fund | 0 | 9332 |
| 8 | 1% to Disabled Workers | 0 | 9332 |
| 9 | Pension Contribution from Church | 12519 | 12519 |
| 10 | CPF Contribution of Pastors | 10015 | 10015 |
| 11 | Trivandrum Convention Collection | 0 | 12000 |
| 12 | Staff Welfare Fund Contribution By Staff | 15060 | 0 |
| | | **54363** | **395015** |
| | **Library & Halls** | | |
| 1 | Library-Sale of English Hymnals | 11800 | 0 |
| 2 | Sexton Quarters Water Charges | 0 | 1258 |
| 3 | Sexton Quarters Electricity Charge | 0 | 602 |

| | | | |
|---|---|---|---|
| 4 | Guest Suite Rent | 500 | 0 |
| 5 | Cemetry Chapel Rent | 700 | 0 |
| 6 | Cemetry Chapel Cleaning | 0 | 1000 |
| 7 | Cemetry Chapel Electricity Charge | 0 | 674 |
| | | **13000** | **3534** |
| | **Repairs & Maintenance** | | |
| 1 | Rep. and Maint. of Church Building | 3570 | 145998 |
| 2 | Rep. and Maint. of Electrical Systems | 0 | 3169 |
| 3 | Maint. of Church premises / Garden | 0 | 29528 |
| 4 | Rep. and Maint. of Others in Church | 0 | 2900 |
| 5 | Rep. and Maint. of Parsonage | 0 | 645 |
| 6 | Rep. and Maint. of Cemetry Garden | 0 | 21890 |
| 7 | Rep. and Maint. of Others in Cemetery | 0 | 19914 |
| 8 | Cemetery Maintenance Fund | 301600 | 0 |
| | | **305170** | **224044** |
| | **Mission Support** | | |
| 1 | City Mission-Rajaji Nagar | 15994 | 38940 |
| 2 | City Mission-Kothalam | 21400 | 16350 |
| 3 | City Mission-Prasanth Nagar | 7090 | 7015 |
| | | **44484** | **62305** |
| | **Poor Fund** | | |
| 1 | Poor help | 32350 | 20640 |
| 2 | Non Member Marriages -- Poor Help | 50000 | 0 |
| 3 | Widow and Invalid Pension | 0 | 27250 |
| 4 | Medical help | 0 | 6000 |
| 5 | Non Member Marriages -- Poor Marriage Help | 50000 | 0 |
| 6 | Free food to SMCSIH | 14200 | 0 |
| 7 | Wills Bording Home-Girls | 3550 | 0 |
| | | **150100** | **53890** |
| | **Fees** | | |
| 1 | Individual Vault Fee | 8000 | 0 |
| 2 | Individual Vault Booking Fee | 5000 | 0 |
| | | **13000** | **0** |
| | **Capital Work** | | |

| | | | |
|---|---|---|---|
| 1 | Cemetery Compound Wall Construction | 0 | 387470 |
| 2 | Furniture Purchase in Church | 0 | 174489 |
| | | **0** | **561959** |
| | **Endowment Funds** | | |
| 1 | Mr.J Christopher Memorial Fund | 0 | 200000 |
| 2 | Mr.Thankayyan & Mrs.T Ponnamma Memorial Fund | 0 | 100000 |
| 3 | Er.N Yohannan Memorial Fund for Gift to Missionary | 0 | 200000 |
| | | **0** | **500000** |
| | **Special Programmes** | | |
| 1 | Carol Rounds Other Exp | 0 | 16200 |
| 2 | Carol Rounds Food | 0 | 12650 |
| 3 | Christmas Decoration & Illumination | 0 | 20570 |
| 4 | Combined Christmas Celebration | 0 | 21640 |
| 5 | Fancy Sale Printing | 0 | 3570 |
| 6 | Fancy Sale Donation | 45000 | 0 |
| 7 | Fancy Sale Bid Amount | 39820 | 0 |
| 8 | Special Day | 0 | 2600 |
| | | **84820** | **77230** |
| | **Church Administration** | | |
| 1 | Electricity Charges of Church | 0 | 17407 |
| 2 | Wine and Wafer | 0 | 1640 |
| 3 | Conveyance Charges | 0 | 1500 |
| 4 | SMS Charges | 0 | 10620 |
| 5 | Hospitality | 0 | 3048 |
| 6 | Printing Charges | 0 | 950 |
| 7 | Caution Deposit | 18000 | 4000 |
| 8 | Photocopy/Copier | 0 | 6110 |
| 9 | Postage | 0 | 100 |
| 10 | Stationary | 0 | 945 |
| 11 | Extra Security Guard Charges | 4000 | 400 |
| 12 | TA to Guest Speakers | 0 | 500 |
| 13 | Drinking Water Charges | 0 | 100 |
| 14 | Church Voice | 500 | 4750 |
| | | | |

| | | | |
|---|---|---|---|
| 15 | Marriage Choir Fees | 23000 | 0 |
| 16 | Administrative Charges | 35000 | 0 |
| 17 | Tea Fellowship | 0 | 12280 |
| 18 | Miscellaneous Expense | 0 | 995 |
| 19 | Advance - Church Maintenance Convenor | 0 | 20000 |
| 20 | Advance - Church Cemetry Convenor | 2000 | 0 |
| 21 | Advance - Xmas Exterior Decoration | 25000 | 0 |
| 22 | Advance - Staff | 3000 | 3000 |
| | | **110500** | **88345** |
| | **Payments & Withdrawals from Bank Accounts** | | |
| 1 | Reserve Fund | 0 | 20000 |
| 2 | Renovation Fund | 0 | 10000 |
| 3 | Staff Welfare Fund | 0 | 12000 |
| 4 | Transfer to P&MC A/c. | 0 | 1443 |
| 5 | Transfer to TJM Hall A/c. | 0 | 11700 |
| 6 | Transfer from Missionary A/c. | 31500 | 0 |
| | | **31500** | **55143** |
| | **Closing Balance** | | |
| 1 | CB-Cash | 0 | 19731 |
| 2 | CB-DT Church Special Fund | 0 | 762162 |
| 3 | CB-SBI Church Special Fund | 0 | 1090051 |
| 4 | CB-Syndicate Bank | 0 | 6876 |
| | | 0 | 1878820 |
| | | **6365044** | **6365044** |
| | **Parsonage and Missionary Complex A/c.** | | |
| 1 | OB-SBI Parsonage and Missionary Complex A/c | 541462 | 0 |
| 2 | SBI Rent | 87115 | 0 |
| 3 | JM Hall Rent | 400 | 0 |
| 4 | Electricity | 0 | 1843 |
| 6 | GST | 17423 | 17424 |
| 7 | PMC Levy to Diocese | 0 | 17503 |
| 8 | Transfer from General A/c. | 1443 | 0 |
| 9 | CB-SBI Parsonage and Missionary Complex A/c | 0 | 611073 |
| | | **647843** | **647843** |

| | | | |
|---|---|---|---|
| | **TJM Hall A/c.** | | |
| 1 | OB-DT TJM Hall A/c | 1221710 | 0 |
| 2 | TJM Hall Rent | 30000 | 0 |
| 3 | Hall Cleaning | 0 | 12400 |
| 4 | Toilet Cleaning | 0 | 1600 |
| 5 | Refundable Deposit | 0 | 3000 |
| 6 | Utensils | 0 | 6456 |
| 7 | Electricity Charges | 0 | 8412 |
| 8 | Water Charges | 0 | 5868 |
| 9 | Cleaning Materials | 0 | 3964 |
| 10 | Transfer from General A/c. | 11700 | 0 |
| 11 | CB-DT TJM Hall A/c | 0 | 1221710 |
| | | **1263410** | **1263410** |
| | **Missionary Fund A/c.** | | |
| 1 | OB-SBI Missionary A/c | 93862 | 0 |
| 2 | Mission Monthly Offering | 16560 | 0 |
| 3 | Mission Monthly Offering Covers | 49555 | 0 |
| 4 | Missionary Support - IEM | 0 | 6000 |
| 5 | Board For Mission SKD | 40000 | 135000 |
| 6 | Missionary Support - FMPB | 0 | 3000 |
| 7 | Missionary Support - NMS | 0 | 4500 |
| 8 | Transfer to General A/c. | 0 | 31500 |
| 9 | CB-SBI Missionary A/c | 0 | 19977 |
| | | **199977** | **199977** |

*Congratulations*

## സ്നേഹ വിനു

(Family No. 1864)

Council for the Indian School Certificate Examination, New Delhi നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽ കേരള റീജിയണിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ സ്നേഹവിനു നന്ദൻകോടിൽ ഡോ. വിനു ജേക്കബിന്റെയും ഡോ. സിന്ധ്യ ക്രിസ്തുദാസിന്റെയും മകളാണ്.



# CIRCLE PRAYERS - MARCH 2019

| Date | F. No. | Name | Address | Ward | Deacon/ Deaconess |
|---|---|---|---|---|---|
| 01-03-2019 | 1667 | Mr. Prasad C. | Rose Nagar, Sreekaryam | Ulloor | Mr. Stanley Wilson |
| 01-03-2019 | 2137 | Mr. Gopala Krishnan | Kannettumukku | Thycaud | Er. Ceragil Austin Prince |
| 05-03-2019 | 2038 | Mr. Kingsly Johns | Kairali Nagar, Thirumala | Vazhuthacaud | Dr. Thampi Sam Raj Y. C.. |
| 05-03-2019 | 2045 | Mrs. Lalitha Bai R. | Kuzhivila Apartments, Opp. Samad Hospital | Statue | Mr. Peter Chellaiah |
| 08-03-2019 | 1868 | Mr. John Bennet S. | Kannammoola | Ulloor | Mr. Stanley Wilson |
| 08-03-2019 | 1542 | Mr. Sajeev Kumar M. S. | Puthumana, Valiyavila | Edappazhanji | Mr. Premchand Johnson |
| 08-03-2019 | 123 | Mrs. Kamala Bai Nelson | Pappanamcode | Thycaud | Er. Ceragil Austin Prince |
| 12-03-2019 | 1807 | Mr. Dilip Wilson | Watts Lane | Charachira | Mrs. Valsa D. S. |
| 12-03-2019 | 1737 | Dr. Rajmohan J. L. | Kanaka Nagar | Kowdiar | Mr. L. J. Padmakumar |
| 12-03-2019 | 1466 | Dr. Vincent William B | Nalsanda Jn. | Nanthencode | Mrs. Grisilda Wills |
| 15-03-2019 | 1709 | Mrs. Grace Ammal V. | Sastha Nagar, Kunnapuzha | Vazhuthacaud | Dr. Thampi Sam Raj Y. C. |
| 15-03-2019 | 1649 | Mr. Alphonse J. | Goureeshapattom | Pattom | Er. Joshua A. |
| 15-03-2019 | 1935 | Mr. Edwin Francis | Chirakkulam Road | Statue | Mr. Peter Chellaiah |
| 19-03-2019 | 973 | Dr. Albert Babji Wills | Mosque lane, Kumarapuram | Ulloor | Mr. Stanley Wilson |
| 19-13-2019 | 1435 | Mr. Vijay Justin | Mukkola | Muttada | Mr. T. Jayakumar Alfred/ Mr. Jobin B. David |
| 19-03-2019 | 2109 | Er. Jerry Daniel J | Anand Lane, Maruthankuzhi | Edappazhanji | Mr. Premchand Johnson |
| 19-03-2019 | 1386 | Mr. Justin Rajkumar | Metro Gardens, Melarannoor | Thycaud | Er. Ceragil Austin Prince |
| 22-03-2019 | 1226 | Er. Lal Jayakumar | YMR | Charachira | Mrs. Valsa D. S. |
| 22-03-2019 | 1870 | Prof. Raja Prasad P. | Christ Nagar | Kowdiar | Mr. L. J. Padmakumar |
| 22-03-2019 | 1804 | Mr. Binoy Daniel | Bains Compound, Nanthencode | Nanthencode | Mrs. Grisilda Wills |
| 22-03-2019 | 1671 | Adv. Biju Immanuel | Nandavanam | LMS- Palayam | Dr. Samson Nessiah |
| 26-03-2019 | 1644 | Mr. Ross Nixon | Thirumala | Vazhuthacaud | Dr. Thampi Sam Raj. Y. C. |
| 26-03-2019 | 1954 | Mr. Satish William Fletcher | Indira Nagar, Peroorkada | Ambalamukku | Dr. Sugunan V. S. |
| 26-03-2019 | 1207 | Mrs. Sophia P. | Bains Compound, Nanthencode | Nanthencode | Mrs. Grisilda Wills |
| 26-03-2019 | 1948 | Mr. David Gainneos | Kunnukuzhy | Statue | Mr. Peter Chellaiah |
| 29-03-2019 | 1359 | Dr. Preetham Kumar Francis | Panachamoodu Lane | Pattom | Er. Joshua A. |
| 29-03-2019 | 0309 | Mr. S. P. Thomas | Museum West Lane | LMS- Palayam | Dr. Samson Nessiah |

*Congratulations*

**Mrs. Evangeline Sugunan**

received a certificate of excellence along with the Wipro Eartharian Award 2018 for guiding the Winning Team



# BIBLE QUIZ

**Ajith Sen**

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Proverbs (NIV), chapters 1 to 15. Kindly, read these chapters before attempting the quiz. The proverbs can be read according to the dates of the calendar, 31 chapters for 31 days.

Please substantiate your answers by stating references (verse) from the Bible.

The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before 14th of the month through email at churchvoicequiz@gmail.com

Kindly write your name and date of submission on all correspondence.

---

1. What should we get though it may cost all we have?
2. How many pillars had Wisdom hewn out for her house?
3. What will be a garland to grace our head and a chain to adorn our neck?
4. Who examines all the paths of a man?
5. A sinner's wealth is stored up for whom?
6. Who loves death?
7. What should we bind around our neck and write on the tablet of our heart?
8. The tongue that brings healing is ………………………….
9. Who is a crown to her husband?
10. What stirs up dissension?

---

## The correct answers to the quiz from Psalms 131 to 150

1. The LORD (139:13)
2. Zion (132:13)
3. The good Spirit of the LORD (143:10)
4. How good and pleasant it is when God's people live together in unity! (133:1)
5. Og (135:11,12 & 136:20,21,22)
6. The wicked (146:9)
7. Edomites 137:7
8. Rebuke by a righteous man (141:5)
9. The LORD (144:1)
10. Praise the LORD (150:6)

---

## List of people who had submitted the right answers (along with the reference)

1. Angela J. Das
2. Jaya Prameela J. L.
3. Meehal Godwin
4. Vathsala Lal
5. Shireen Evangeline Ross
6. Grace Ammal V.
7. Sherine Francis
8. Helen Saramma E. H.
9. Dora Johnson
10. Asha Jose
11. Latha Job
12. Chandra Premala
13. Binil Winfred
14. Reeba Ben
15. Lilly Prasad
16. Santhosh Jayakumari
17. Mary Shiny Varghese
18. N. S. Nesakumari Davidson
19. Angelo Soja J. J.
20. J. Sumangala
21. Sherine V. Thomas
22. Sujana Satish
23. Lilora P. R.
24. Menaka Jerry
25. Mary Padmini Jasper
26. Reuben S. L.
27. Anie Reuben
28. Leena T. L.
29. Soben S. L.
30. Pamela Hubert
31. Asha Sarjine
32. Nirmala Lal Jayakumar
33. Premila Janelet Sylam
34. Mahil Ajith
35. Ardra V. M.
36. Mershika John
37. John Merfin
38. Lalitha Jacob
39. Jolly Irene G.
40. Priya Joy
41. Immanuel Shine
42. Aminiya Aldrin
43. Amisher Aldrin
44. Girly John Ross
45. Tessa Ann Binu
46. Veerudh Jones
47. Kumudini Jones
48. Shinitha Veerudh
49. Ashnoo Jones
50. Sumitha Valsalam
51. Lena Edwin
52. Dr. Preethi Davidson
53. Stanley Wilson

# നിത്യതയിൽ



**ANNIE SAROJINI HARIS**
TC 13/1081, KRA 32, Kannanmoola,
Medical College,TVM 11

Family No. 805

***Called to Eternal rest on 04-02-2019***



**JAISON E.**
Medavila, TC 12/472-11, PRA 6,
Poochadivila, Plamood, TVM 4

Family No. 1746

***Called to Eternal rest on 11-02-2019***



**C. S. SATHYASEELAN**
TC 28/2750-1,KRA D19,
Kunnumpuram, Statue, TVM 1
Family No. 1657

***Called to Eternal rest on 11-02-2019***



**R. M. PAVITHRA THANKACHI**
Jayarangam, TC. 3/1956, Mynadu Lane,
Pattom, TVM-4

Family No. 1144

***Called to Eternal rest on 13-02-2019***

1st Death Anniversary
14-03-2019



*In Ever loving memory of*

## SOMALAL L.

Rtd. Supdt. of Customs and
Central Excise
MRA-26, Manchadivila Road,
Nalanda, Nandencode, Trivandrum.

Family No. 879

Wife: Nirmala S. Lal
Daughter : Renu Rabi Kumar
Son-in-law : Rabi Kumar and Grand Children

*Fourth Death Anniversary*

15-2-2019



## MARY THANGAM

'A gentle soul, soft and kind'

Sorrowing Husband: P. Chellathangam
Daughters, Son-in-law & Grand Children

# മാസവരി സംബന്ധിച്ച് തിരുസഭാംഗങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

- 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാനത്തോളം നമ്മെ വഴി നടത്തിയ ദൈവത്തിനു സ്തോത്രം.
- ദൈവിക ദാനമായ സമ്പത്തിന്റെ ഒരു ഭാഗം വേർതിരിച്ച് ക്രമമായി മാസവരി നല്കുന്ന എല്ലാവർക്കും സഭയുടെ നന്ദി.
- 2018-21 ത്രൈവാർഷികത്തിന്റെ ആദ്യവർഷമായ 2018-19 ൽ ക്രമമായി മാസവരി നല്കുന്നതിൽ ഏതെങ്കിലും തിരുസഭാംഗം വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ഈ മാസം തന്നെ ഓഫീസിൽ അടയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.
- 2018-19 സാമ്പത്തിക വർഷത്തിൽ ഒരുമാസംപോലും മാസവരി അടയ്ക്കാത്തവരുണ്ട്. അവർ എത്രയും വേഗം ഓഫീസുമായി ബന്ധപ്പെടുക.
- 2018 ഏപ്രിൽ മാസത്തിൽ ഒരു തിരുസഭാംഗം നല്കുന്ന മാസവരിയാണ് പ്രസ്തുത വ്യക്തി ഈ ത്രൈവാർഷികത്തിലുടനീളം ഓരോ മാസവും സഭയ്ക്ക് നല്കേണ്ട വിഹിതം. ആ തുകയിൽ കുറവ് വരുത്താൻ ഭരണഘടന അനുവദിക്കുന്നില്ല. കൂടുതൽ നൽകാൻ അവസരമുണ്ട്.
- കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ആരെങ്കിലും വീട്/വാർഡ് മാറി താമസിക്കുന്നു എങ്കിൽ ആ വിവരം ഉടൻതന്നെ സഭാഓഫീസിൽ അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.



**17-02-2019 തിരുസഭായോഗം**